(ബി) ഇല്ല.

(സി) നിലവിൽ സ്വയം തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള കച്ചവടക്കാർക്ക് ഈ പദ്ധതിയിൽ അംഗത്വം എടുക്കാവുന്നതാണ്. എന്നാൽ അവർ ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് ആക്ടിന്റെ പരിധിയിൽ വരുന്നവരായിരിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

2008-ലെ അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷ നിയമപ്രകാരം വഴിയോരക്കച്ചവടക്കാർക്ക് അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാ ബോർഡിന് കീഴിലുള്ള ക്ഷേമപദ്ധതിയിൽ അംഗത്വമെടുക്കാവുന്നതാണ്.

**പിന്നോക്ക വിഭാഗ കമ്മീഷന്റെ പഠന റിപ്പോർട്ട്**

11 (*71) ശ്രീ. കെ. അജിത് :

ശ്രീ. പി. തിലോത്തമൻ :

ശ്രീ. വി. ശശി :

ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രീമിലെയർ കണ്ടെത്തുന്നതിന് നിയോഗിച്ചിരുന്ന പിന്നോക്ക വിഭാഗ കമ്മീഷന്റെ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമെന്നെന്ന് വ്യക്തമാക്കാമോ ;

(ബി) ക്രീമിലെയർ കണ്ടെത്തുന്നതിന് കുടുംബ വാർഷിക വരുമാനത്തിനുപുറമെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പശ്ചാത്തലം കൂടി മാനദണ്ഡമാക്കണമെന്ന് സുപ്രീം കോടതി നിർദ്ദേശമുണ്ടോ ; എങ്കിൽ ഇത് പ്രാവർത്തികമാക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഉണ്ട്. കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ നടത്തിയ പഠന റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഉണ്ട്. ബഹു. സുപ്രീംകോടതിയുടെ അശോക് കുമാർ താക്കൂർ കേസ്സിലെ വിധിന്യായത്തിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പിന്നോക്ക വിഭാഗങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥയും കുടുംബവരുമാനവും പരിഗണിച്ച്, പിന്നോക്ക വിഭാഗങ്ങളിലെ ക്രീമിലെയർ വിഭാഗത്തെ കണ്ടെത്തുന്നതിന് സ്വതന്ത്ര പഠനം സമയബന്ധിതമായി നടത്തുവാനും 2014-15 വിദ്യാഭ്യാസ വർഷത്തെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളുടെ പ്രവേശനത്തിൽ നടപ്പിൽ വരുത്തുവാനും ബഹു.ഹൈക്കോടതി 7-8-2013-ൽ W.P(C)29271/12, W.P(C)11578/13 എന്നീ കേസുകളിൽ ഉത്തരവായിരുന്നു. അതിൻപ്രകാരം കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്തുകയുണ്ടായി. കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന്റെ പഠന റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ പരിഗണിച്ച് 1-1-2015-ൽ സ.ഉ. (പി)നമ്പർ1/2015/പി.സ.വി.വ. നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

## എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കൽ

**12 (*72)** ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ആർ സെൽവരാജ് :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കാൻ എന്തെല്ലാം അവസരങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ വിവിധ കാരണങ്ങളാൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ സീനിയോറിറ്റി നഷ്ടപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് അവരുടെ സീനിയോറിറ്റി നിലനിർത്തി രജിസ്ട്രേഷൻ പുതുക്കാൻ അനുമതി നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(സി) എങ്കിൽ ഏത് കാലയളവിലെ രജിസ്ട്രേഷനുകൾക്കാണ് പ്രസ്തുത ആനുകൂല്യം ലഭ്യമാക്കുന്നത് ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly